# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1327** — **12.03.2015-ൽ മറുപടിക്ക്**

## നാഷണൽ ഹൈവേകളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഏതൊക്കെ നാഷണൽ ഹൈവേകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത് എന്ന് അറിയിക്കാമോ;<br><br>(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ? | (എ) & (ബി) ദേശീയപാത 47-ലെ മണ്ണുത്തി മുതൽ അങ്കമാലിവരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളി വരെ നവീകരണം നടത്തുന്നതും പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കുന്ന പ്രവൃത്തികളും വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്ന പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. ദേശീയ പാതയുടെ ഭാഗമായുള്ള വിവിധ ബൈപ്പാസുകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് പൂർണ്ണമായും കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നതാണ്. മറ്റു ദേശീയപാതകളുടെ വികസനം ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്. മറ്റ് ദേശീയപാതകളായ എൻ.എച്ച് 208, എൻ.എച്ച് 49, എൻ.എച്ച് 220, എൻ.എച്ച് 213 എന്നിവയുടെ വിവിധ ഭാഗങ്ങൾ വികസിപ്പിക്കുന്നതിന് 2014-15 വർഷത്തെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ